# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ: 0481–2733370

## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 13**

---

## <u>വിദ്യാർഥികളുടെ അന്താരാഷ്ട്ര കുടിയേറ്റം;ശിൽപ്പശാല ഇന്ന്</u>

വിദ്യാർഥികളുടെ അന്താരാഷ്ട്ര കുടിയേറ്റം രേഖകളും അനുഭവങ്ങളും എന്ന വിഷയത്തിലുള്ള ശിൽപ്പശാല ഇന്ന് (ഡിസംബർ 14) മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ നടക്കും.

മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് അംഗം ബിനോയ് ഇമ്മാനുവൽ ഉദ്ഘാടനം ചെയ്യും. സർവകലാശാലയിലെ സെൻറർ ഫോർ മൈഗ്രേഷൻ പോളിസി ആൻഡ് ഇൻക്ലൂസീവ് ഗവേണൻസും(സി.എം.പി.ഐ.ജി), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടിഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസും(ഐ.എം.പി.എസ്.എസ്) ആലുവയിലെ സെൻറർ ഫോർ ഇന്ത്യൻ മൈഗ്രൻറ് സ്റ്റഡീസും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

വ്യാജതൊഴിൽ വാഗ്ദാനവും മനുഷ്യക്കടത്തും: കുടിയേറ്റ തൊഴിലാളികൾ അതിർത്തികൾക്കപ്പുറം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ സെൻറർ ഫോർ ഇന്ത്യൻ മൈഗ്രൻറ് സ്റ്റഡീസ് ഡയറക്ടർ റഫീഖ് റാവുത്തർ സംസാരിക്കും.

സി.എം.പി.ഐ.ജി ചെയർപേഴ്സൺ ഡോ. എം.വി. ബിജുലാൽ, ഐ.എം.പി.എസ്.എസ് ജോയിൻറ് ഡയറക്ടർ ഡോ. പി പി. നൗഷാദ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. രജിസ്റ്റർ ചെയ്തവർക്കു മാത്രമാണ് പ്രവേശനം.ഫോൺ– 9645873323.

(പി.ആർ.ഒ/39/1135/2024)

..........................................................................................

***ഫോട്ടോ ക്യാപ്ഷൻ...***

മഹാത്മാ ഗാന്ധി സർവകലാശാലയും കോഴിക്കോട്ടെ ജലവിഭവ വികസന വിനിയോഗ കേന്ദ്രവും(സി.ഡബ്ല്യൂ.ആർ.ഡി.എം) തമ്മിൽ ഒപ്പുവച്ച ധാരണാ പത്രം സർവകലാശാ ലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും സി.ഡബ്ല്യൂ.ആർ.ഡി.എം എക്സി ക്യൂട്ടീവ് ഡയറക്ടർ ഡോ. മനോജ് പി. സാമുവലും പ്രദർശിപ്പിക്കുന്നു. ഡോ.കെ.കെ. ജയസൂര്യൻ, ബി.എസ്. മാധവറാവു, വൈസ് ചാൻസലർ ഡോ. സിടി. അരവിന്ദകുമാർ, ഡോ. മഹേഷ് മോഹൻ, ഡോ. കെ.ആർ. ബൈജു, ഡോ. വി.പി. സൈലസ് എന്നിവർ സമീപം. സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെ ന്റൽ സയൻസസ്, സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി, സ്

കുൾ ഓഫ് പോളിമെർ സയൻസ് ആൻ്റ് ടെക്നോളജി എന്നിവയുമായി ചേർന്ന് സംയുക്ത ഗവേഷണ പഠന, ഗവേഷണ പ്രവർത്തനങ്ങൾക്കായാണ് ധാരണാപത്രം ഒപ്പുവച്ചത്.

..........................................................................................

## അന്താരാഷ്ട്ര ജല സമ്മേളനത്തിന് തുടക്കം

അന്താരാഷ്ട്ര ജല സമ്മേളനത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കം കുറിച്ചു. ജല മലിനീകരണം മുതൽ ശുദ്ധീകരണം വരെ എന്ന വിഷയത്തിലുള്ള സമ്മേളനം നാഷണൽ സെൻ്റർ ഫോർ ഫ്രീ റാഡിക്കൽ റിസർച്ച് മുൻ ഡയറക്ടർ ബി .എസ് മാധവ റാവു ഉദ്ഘാടനം ചെയ്തു.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ആമുഖ പ്രഭാഷണം നടത്തി. പ്രഫ. കല്ലേൻ ബോൺ(നോർവെ), ജലവിഭവ വികസന വിനിയോഗ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മനോജ് പി. സാമുവൽ, സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. കെ.ആർ. ബൈജു എന്നിവർ സംസാരിച്ചു.

സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻ്റൽ സയൻസസ്, ഇൻ്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെൻ്റേഷൻ സെൻ്റർ, ഇൻ്റർനാഷണൽ സെൻ്റർ ഫോർ പോളാർ സ്റ്റഡീസ് എന്നിവയുടെയും സൊസൈറ്റി ഓഫ് എൻവയോൺമെൻ്റൽ കെമിസ്ട്രി ആൻ്റ് അപ്ലൈഡ് സയൻസസിൻ്റെയും സംയുക്താഭിമുഖ്യത്തിലാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

പതിനഞ്ചു രാജ്യങ്ങളിലെ ശാസ്ത്രജ്ഞർ പഠനങ്ങൾ അവതരിപ്പിക്കും. ഗവേഷകർ, അധ്യാപകർ, ഗവേഷണ വിദ്യാർഥികൾ തുടങ്ങി മുന്നൂറോളം പ്രതിനിധികൾ പങ്കെടുക്കും.

ജല സ്രോതസുകളുടെ മലിനീകരണം, ഈ മേഖലയിൽ നടത്തിവരുന്ന നിരീക്ഷണങ്ങൾ, ജല ശുദ്ധീകരണത്തിനുള്ള നൂതന സാങ്കേതിക വിദ്യകൾ തുടങ്ങിയവ സമ്മേളനത്തിൽ അവതരിപ്പിക്കുകയും ഇതു സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്യും.

***ഫോട്ടോ ക്യാപ്ഷൻ...***

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അന്താരാഷ്ട്ര ജല സമ്മേളനം ബി.എസ് മാധവ റാവു ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/1136/2024)

## സമയപരിധി നീട്ടി

ഒന്നാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം, എംസിജെ, എംറ്റിഎ, എംഎച്ച്എം, എംഎംഎച്ച്, എംഎസ്ഡബ്ല്യു ആൻ്റ് എംറ്റിറ്റിഎം (സിഎസ്എസ്) എംഎ സിറിയക്ക (2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) ഒന്നാം സെമസ്റ്റർ എംഎല്ഐഎസ്സി

(2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ ഡിസംബർ 17 വരെയും ഫൈനോടുകൂടി ഡിസംബർ 18 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 19 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1137/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**